




വയനാട്ടിലെ കർഷകർ രൂക്ഷമായ ദുരിതങ്ങൾ നേരിടുന്ന കാലം. കൃഷിനാശം, രോഗങ്ങൾ, ഉല്പന്നങ്ങളുടെ വിലയിടിവ്. എല്ലാറ്റിലുമുപരി ഇതൊന്നും മനസ്സിലാകാത്ത, മുതലിന്റെ പലിശയുടെയും കണക്കുകൾ മാത്രമറിയുന്ന സഹകരണബാങ്കുകളടക്കമുള്ള ധനകാര്യസ്ഥാപനങ്ങൾ. ചെണ്ടകൊട്ടിവരുന്ന ബാങ്ക് ജീവനക്കാരുടെയും ഗുണ്ടായിസവുമായി വരുന്ന ബ്ലെയ്ഡുകമ്പനിക്കാരുടെയും മുന്നിൽ ആത്മഹത്യ ചെയ്യാൻ മാത്രമറിയുന്ന കർഷകർ. ഫാർമ്ഴ്സ് റിലീഫ് ഫോറം എന്ന സംഘടന പിറന്നു വീഴാതിരിക്കുന്നതെങ്ങിനെ? വയനാട്ടിലെ കർഷക സമരങ്ങൾക്ക് നേതൃത്വം നൽകിയ എ.സി. വർക്കിയെക്കുറിച്ച്

# നല്ലവനായ അയൽക്കാരന്റെ കഥ
# അഥവാ
# വയനാടൻ കർഷകന്റെ കിതപ്പും കുതിപ്പും

ഐ. ഗോപിനാഥ്

കേരളത്തെ പോറ്റുന്ന, എന്നിട്ടും ആത്മഹത്യാമുനമ്പിൽ നില്ക്കേണ്ടി വരുന്ന കർഷകരുടെ യഥാർത്ഥ അവസ്ഥയിൽ നിന്ന് ജൈവികമായി ഉയർന്നു വന്ന നേതൃത്വമായിരുന്നു വയനാട്ടിലെ എ.സി വർക്കിയുടേത്... ഒപ്പം ഫാർമേഴ്സ് റിലീഫ് ഫോറത്തിന്റേയും... 21-ാം നൂറ്റാണ്ടിലേക്ക് ഒരു സബാൾടേൺ കേരളം ഉയർന്നു വരുന്നതിന്റെ പ്രതീകം.

വയനാടിന്റെ ചരിത്രം പഴശ്ശിയുടെയും വർഗ്ഗീസിന്റെയും ജാനുവിന്റേയും പോരാട്ടങ്ങളുടേതു മാത്രമല്ല, മണ്ണിനോടു പടവെട്ടാൻ തെക്കുനിന്നെത്തിയ കുടിയേറ്റ കർഷകന്റേയും ചരിത്രമാണ്. പലരും പറയാത്ത ചരിത്രം. 1926 മുതൽ 1960 വരെയായിരുന്നു വയനാടുൾപ്പെടെ മലബാറിലേക്ക് തെക്കുനിന്ന് ക്രിസ്ത്യൻ കർഷകരുടെ കുടിയേറ്റം വ്യാപകമായത്. അതിന് ചരിത്രപരമായ പല കാരണങ്ങളുമുണ്ടാരുന്നു. ഒന്നാം ലോകമഹായുദ്ധത്തിനും രണ്ടാം ലോകമഹായുദ്ധത്തിനുമിടക്ക് കാർഷിക വിളകൾക്കുണ്ടായ വൻതോതിലുള്ള വിലകുറവായിരുന്നു ഒരു പ്രധാന കാരണം. 1000 തേങ്ങക്ക് 10 രൂപ വരെ വിലയെത്തിയ കാലം. യുദ്ധത്തെ തുടർന്ന് ബർമ്മയിൽ നിന്നുള്ള അരി വരവ് കുറഞ്ഞു. കർഷകർ തികച്ചും പട്ടിണിയിലായി. ഒപ്പം കടക്കെണിയിലും. 1937ൽ ചിത്തിരതിരുന്നാൾ മഹാരാജാവ് കാർഷിക കട നിവാരണ ബിൽ കൊണ്ടുവന്നെങ്കിലും കാര്യമായ ഗുണം ചെയ്തില്ല. അക്കാലത്തായിരുന്നു മലബാറിനെ കുറിച്ചുള്ള കഥകൾ തിരുവിതാംകൂറിലുടനീളം പ്രചരിച്ചത്. കുറഞ്ഞ വിലക്ക് ഭൂമി എന്നതു തന്നെയായിരുന്നു പ്രധാന ആകർഷണം. അദ്ധ്വാനം സിരകളിൽ ഒഴുകുന്ന തെക്കൻ കർഷകർക്ക് അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. ദീപിക പോലുള്ള പത്രങ്ങളും കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചു. 1954ൽ തലശ്ശേരി രൂപത സ്ഥാപിച്ചതോടെ കുടിയേറ്റം രൂക്ഷമായി. 56ലെ കേരളപ്പിറവി കുടിയേറ്റത്തെ കൂടുതൽ എളുപ്പമാക്കി.

മീനച്ചിൽ, തൊടുപുഴ, മുവാറ്റുപുഴ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പിള്ളി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നായിരുന്നു വയനാട്ടിലേക്ക് മുഖ്യമായും കുടിയേറ്റം നടന്നത്. 1938 ലായിരുന്നു വർക്കിയുടെ ചാച്ചൻ ആനിക്കൽ ചാക്കോ ഒരു ഗ്രൂപ്പ് കർ

ജപ്തി തടയലുകളിൽ നിന്നാരംഭിച്ച് അവസാനം കടാശ്വാസ നടപടികൾ കൃത്യമായി നടപ്പാക്കാത്ത ബാങ്കുകളെ ജപ്തി ചെയ്യൽ വരെയെത്തി വർക്കി നേതൃത്വം കൊടുത്ത സമരങ്ങൾ. തെരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥിത്വവും പോരാട്ടമാക്കി മാറ്റിയ ദിനങ്ങൾ. കാലഹരണപ്പെട്ട അബ്കാരി നിയമങ്ങൾക്കു പകരം സ്വന്തം തെങ്ങിന്റെ അവകാശം ആവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭങ്ങൾ. കർണ്ണാടകയിലെ നഞ്ചുണ്ട സ്വാമിയെ പോലുള്ളവരുമായി യോജിച്ചുള്ള പ്രവർത്തനങ്ങൾ. ശ്രീലങ്കയിൽ നടന്ന കാർഷിക സെമിനാർ. മെക്സിക്കോയിൽ നടന്ന ആഗോള കാർഷിക സമ്മേളനം. ജർമ്മനി, ഫ്രാൻസ്, റോം, സ്വിറ്റ്സർലന്റ് തുടങ്ങി വിവിധ രാജ്യങ്ങളിലൂടെ നടന്ന ആഗോള കർഷക സമര യാത്ര.. ലോകത്തെ മുഴുവൻ കർഷകരുടെയും പ്രശ്നങ്ങൾ സമാനമാണെന്ന് വർക്കി തിരിച്ചറിയുകയായിരുന്നു.

ഷകർക്കൊപ്പം നടവയലിൽ എത്തിയത്. പഴശ്ശിയുടെ പോരാട്ടത്തിന്റെ സ്മരണകൾ അവിടത്തെ വായുവിൽ പോലും തങ്ങി നിന്നിരുന്നു. തനതായ സംസ്കാരമുള്ള ആദിവാസികൾ ധാരാളം. അവരുടെ സ്വന്തം കൃഷിരീതികളും. 20 ഏക്കർ ഭൂമി വാങ്ങി ചാക്കോ കൃഷിയാരംഭിച്ചു. ഒപ്പം നാടിന്റെ വികസനപ്രവർത്തനങ്ങളും. പോസ്റ്റ് ഓഫീസ്, സ്ക്കൂൾ, പാലം... ചോര നീരാക്കുന്ന കർഷകർക്കൊപ്പം നാടു പുരോഗമിക്കുകയായിരുന്നു. ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കുവാൻ പാടുപെടുമ്പോഴും ശോഭനമായ ഭാവിയായിരുന്നു പിറന്ന മണ്ണും നാടും വിട്ടോടി വന്ന ആ കർഷകരുടെ സ്വപ്നങ്ങളിൽ.. എന്നാൽ ആരംഭം മുതലെ ജീവിതം സംഘർഷഭരിതമായിരുന്നു. പുൽപ്പള്ളിയിൽ ദേവസ്വം വക ഭൂമി വാങ്ങിയ നൂറു കണക്കിനു കർഷകരെ കുടിയിറക്കാൻ ശ്രമം നടന്നു. വടക്കനച്ചനടക്കമുള്ളവർ രംഗത്തിറങ്ങി. അന്നു തുടങ്ങിയ സംഘർഷങ്ങൾ ഇന്നും തുടരുന്നു. ആ സംഘർഷങ്ങൾക്കു നടുവിൽ 1954ലാലിരുന്നു വർക്കിയുടെ ജനനം. 56-ാം വയസ്സിലും സംഘർഷങ്ങളുമായി ഏറ്റുമുട്ടി തളർന്നും ഉണർന്നും വർക്കി മുന്നോട്ടുപോകുന്നു. ആൾട്ടർനേറ്റീവ് കറന്റ് വർക്കി എന്ന് സുഹൃത്തുക്കൾക്കിടയിൽ അറിയപ്പെടുന്ന ആനിക്കൽ ചാക്കോ വർക്കി. വർക്കിയുടെ കുതിപ്പിന്റെയും കിതപ്പിന്റേയും കഥ ഇതാ പുസ്തകരൂപത്തിൽ. പുസ്തകം രചിച്ചിരിക്കുന്നത് നാടുഗദ്ദിക യിലൂടെ, കനവി ലൂടെ, മാവേലിമന്റ ത്തിലൂടെ മലയാളിക്കു സുപരിചിതനായ, വർക്കിയുടെ അയൽക്കാരൻ കെ.ജെ ബേബി. നല്ലവനായ അയൽക്കാരൻ എന്ന പേരിൽ... സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നുള്ളവരുടെ ജീവിതങ്ങളാൽ സമീപകാലത്ത് സമ്പന്നമായ മലയാളത്തിലെ ജീവചരിത്ര - ആത്മകഥാ രംഗത്ത് ഒരു വിസ്ഫോടനം കൂടി. നല്ലവനായ സമരിയാക്കാരന്റെ കഥ കേട്ടു വളർന്ന വർക്കി സമരിയക്കാരനിൽ നിന്നു കിട്ടിയ ത്യാഗത്തിന്റെ വിത്തുമായി, താനടക്കമുള്ള കർഷകരുടെ കടബാധ്യതകളും തോളിലേറ്റി, കടാശ്വാസപദ്ധതികളുടെ നിറം മങ്ങിയ നിഴലുകൾക്കിടയിലൂടെ കരുവാളിച്ച പ്രതീക്ഷകളുമായി യാത്ര തുടരുകയാണെന്ന് ആമുഖത്തിൽ ബേബി.



നക്സൽ വർഗ്ഗീസിന്റെ മരണവും വയനാട്ടിൽ ആദിവാസികൾക്കെതിരെ പോലീസ് നടത്തിയ നരനായാട്ടും വർക്കിയുടെ ബാല്യകാലഓർമ്മ. വർഷങ്ങൾക്കുശേഷം മുത്തങ്ങ... കുടിയേറ്റക്കാരും ആദിവാസികളും ശത്രുക്കളെന്ന പ്രതീതി ശക്തമായിരിക്കുമ്പോഴായിരുന്നു മുത്തങ്ങയിൽ കുടിൽ കെട്ടി താമസമാക്കിയ ആദിവാസികൾക്ക് തങ്ങളാൽ കഴിയുന്ന ആഹാരപദാർത്ഥങ്ങളുമായി വർക്കിയും കൂട്ടരും എത്തുന്നത്. വെടിവെപ്പിനു ശേഷം നടന്ന വിനോദയാത്ര യായിരുന്നില്ല അത്. അക്ഷരാർത്ഥത്തിൽ അരവയർ നിറച്ച് ബാക്കി അരവയറിലേക്കുള്ളതുമായായിരുന്നു അവരെത്തിയതെന്നു ജാനുവും കൂട്ടരും മനസ്സിലാക്കി. മണ്ണിന്റെ മക്കളുടെ യഥാർത്ഥ ഐക്യമായിരുന്നു അത്.

ക്ലേശകരമായിരുന്നു വർക്കിയുടെ ബാല്യം. പഠനം കഴിഞ്ഞ് ചില്ലറ പണികൾ. എല്ലാം താല്ക്കാലി




കം. അടിസ്ഥാനപരമായി തന്റേതും കർഷകരക്തമാണെന്ന് തിരിച്ചറിഞ്ഞു വർക്കി. എന്നാൽ കൃഷിഭൂമിയെവിടെ? കുടുംബം കഴിഞ്ഞുപോകാൻ നിലവിലുള്ള ഭൂമി പോര. പിതാവ് പിറന്ന മണ്ണുപേക്ഷിച്ച് വയനാട്ടിലെത്തിയപോലെ വർക്കിയും ഒരു കുടിയേറ്റശ്രമം നടത്തി. ബീനാച്ചിയിലും ഷീമാഗോയിലും നടത്തിയ ശ്രമങ്ങൾ വിലപ്പോയില്ല. പോലീസും കന്നഡ സർക്കാരും നിഷ്ക്കരുണം കുടിയൊഴിപ്പിച്ചു. എ.കെ.ജിയും വടക്കനച്ചനുമൊക്കെ ഓടിയെത്തിയെങ്കിലും കാര്യമായ ഗുണം ചെയ്തില്ല. അവസാനം അമിതമായ ആഗ്രഹം മാറ്റിവെച്ച് സ്വന്തം ഭൂമിയിൽ തന്നെ കൃഷി ചെയ്യാനാരംഭിച്ചു. അങ്ങനെയാണ് ഇന്നു കർഷക കേരളമറിയുന്ന എ.സി വർക്കിയുടെ ജനനം. കോൺഗ്രസ്സ് എസ്സുകാരനായി രാഷ്ട്രീയ ജീവിതമാരംഭിച്ച വർക്കി.. അവരുടെ കർഷക സംഘടനയുടെ ജില്ലാനേതാവ്.. ഒപ്പം ബേബിയുടെ തീക്ഷ്ണമായ നാടകങ്ങളിൽ അഭിനയം... അക്ഷരാത്ഥത്തിൽ നീതിയുടെ പടവാളായിരുന്ന പത്രപ്രവർത്തകൻ ജയചന്ദ്രനുമായുള്ള സൗഹൃദം... അമ്മയെ അശുഭവാർത്ത അറിയിക്കാൻ വന്ന ജോൺ... മനുഷ്യന്റെ വിശ്വരൂപം കാണിച്ച സുരാസു... കേണിച്ചിറ മത്തായിയുടെ ഉന്മൂലനം.. ഒരു കോൺഗ്രസ്സുകാരനായി മാത്രം ജീവിച്ചുതീരാൻ വർക്കിക്കെങ്ങിനെ കഴിയും? പോലീസിനോടും ഗുണ്ടകളോടും ഒരേ സമയം പോരടിച്ച നടവയലിലെ അനധികൃത മദ്യഷോപ്പിനെതിരായ സമരത്തിലെ വർക്കിയുടെ ചടുലമായ നേതൃത്വം കണ്ടവർക്കുറപ്പായി, ഇതിവിടെ നില്ക്കാൻ പോകുന്നില്ല, വരാൻ പോകുന്ന കൊടുങ്കാറ്റിന്റെ സൂചനയല്ലാതെ മറ്റൊന്നല്ല ഇത്...

വയനാട്ടിലെ കർഷകരുടെ ദുരിതങ്ങൾ രൂക്ഷമാകുകയായിരുന്നു. കൃഷിനാശം, രോഗങ്ങൾ, ഉല്പന്നങ്ങളുടെ വിലയിടിവ്... എല്ലാറ്റിലുമുപരി ഇതൊന്നും മനസ്സിലാകാത്ത, മുതലിന്റെ പലിശയുടെയും കണക്കുകൾ മാത്രമറിയുന്ന സഹകരണബാങ്കുകളടക്കമുള്ള ധനകാര്യസ്ഥാപനങ്ങൾ..... ചെണ്ടകൊട്ടിവരുന്ന ബാങ്ക് ജീവനക്കാരുടെയും ഗുണ്ടായിസവുമായി വരുന്ന ബ്ലെയ്ഡു കമ്പനിക്കാരുടെയും മുന്നിൽ ആത്മഹത്യ ചെയ്യാൻ മാത്രമറിയുന്ന കർഷകർ.... ഫാർമ്മേഴ്സ് റിലീഫ് ഫോറം എന്ന സംഘടന പിറന്നു വീഴാതിരിക്കുന്നതെങ്ങിനെ? ഒരു രാഷ്ട്രീയപാർട്ടിയുടെ പരിമിതിക്കുള്ളിൽ നിന്ന് പരിഹരിക്കാൻ കഴിയുന്നതല്ല കാർഷികപ്രശ്നം എന്ന് വർക്കിയും കൂട്ടരും തിരിച്ചറിഞ്ഞു കഴിഞ്ഞിരുന്നു. തങ്ങളുടെ ദുരിതങ്ങൾ കളക്ടറോടു പറയാനെത്തിയ കർഷകർ.. പുറത്തിറങ്ങിയ അവരുടെ പങ്കുവെക്കലുകളിലൂടെയായിരുന്നു ഫോറം ജനിച്ചത്. ഒരു വശത്ത് ഓരോ കർഷകന്റെയും പ്രശ്നങ്ങൾ എല്ലാവരുടെയും പ്രശ്നങ്ങളായി കണ്ട് പരിഹരിക്കാൻ ശ്രമിക്കുക, അതിനായി ലോക്കൽ ഫണ്ട് രൂപീകരണം, മറുവശത്ത് കർഷകനെ പിഴിയുന്ന ധനകാര്യസ്ഥാപനങ്ങൾക്കു മുന്നിൽ പുതിയൊരു സമരമുഖം.. ഇതായിരുന്നു ഫോറത്തിന്റെ പ്രവർത്തനശൈലി. തങ്ങൾക്കു മുന്നിലും സമരം നടക്കുമെന്നത് ബാങ്ക് ജീവനക്കാർക്കും മാനേജ്മെന്റുകൾക്കും പുതിയ അറിവായിരുന്നു. ഒപ്പം കർഷകനെ ദ്രോഹിക്കാൻ വേണ്ടി മാത്രമുണ്ടാക്കിയ കൃഷി ഓഫീസുകൾക്കുനേരെയും.. ഒരു പക്ഷെ ഔദ്യോഗിക ചരിത്രകാരന്മാർ ഒരിക്കലും രേഖപ്പെടുത്താനിടയില്ലാത്ത ആ ചൂടുപിടിച്ച പ്രക്ഷോഭദിനങ്ങളാണ് ബേബി ഈ പുസ്തകത്തിലൂടെ അടയാളപ്പെടുത്തുന്നത്. ജപ്തി തടയലുകളിൽ നിന്നാരംഭിച്ച് അവസാനം കടാശ്വാസ നടപടികൾ കൃത്യമായി നടപ്പാക്കാത്ത ബാങ്കുകളെ ജപ്തി ചെയ്യൽ വരെയെത്തി വർക്കി നേതൃത്വം കൊടുത്ത സമരങ്ങൾ. തെരഞ്ഞെടുപ്പുകളിലെ സ്ഥാനാർത്ഥിത്തവും പോരാട്ടമാക്കി മാറ്റിയ ദിനങ്ങൾ.. കാലഹരണപ്പെട്ട അബ്കാരി നിയമങ്ങൾക്കു പകരം സ്വന്തം തെങ്ങിന്റെ അവകാശം ആവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭങ്ങൾ. . കർണ്ണാടകയിലെ നഞ്ചുണ്ടസ്വാമിയെ പോലുള്ളവരുമായി യോജിച്ചുള്ള പ്രവർത്തനങ്ങൾ.. ശ്രീലങ്കയിൽ നടന്ന കാർഷിക സെമിനാർ. . മെക്സിക്കോയിൽ നടന്ന ആഗോള കാർഷിക സമ്മേളനം.. ജർമ്മനി. ഫ്രാൻസ്, റോം, സ്വിറ്റ്സർലന്റ് തുടങ്ങി വിവിധ രാജ്യങ്ങളിലൂടെ നടന്ന ആഗോള കർഷക സമര യാത്ര.. ലോകത്തെ മുഴുവൻ കർഷകരുടെയും പ്രശ്നങ്ങൾ സമാനമാണെന്ന് വർക്കി തിരിച്ചറിയുകയായിരുന്നു. അധികാരികളെല്ലാം സമാനമനസ്കരാണെന്നും. ആത്മഹത്യകൾക്കുപിന്നിൽ കർഷകരുടെ ദുരഭിമാനമാണെന്ന മുഖ്യമന്ത്രിയായതിനുശേഷമുള്ള വി.എസിന്റെ പ്രഖ്യാപനം കൂടി കേട്ടപ്പോൾ അതിൽ ബാക്കിയുണ്ടായിരുന്ന സംശയം കൂടിതീർന്നു.ഇപ്പോൾ വർക്കി അല്പം ശാന്തനാണ്.. കടാശ്വാസ പദ്ധതികളിലൂടെയും തൊഴിലുറപ്പു പദ്ധതിയിലൂടെയും വയനാട്ടിലെ കർഷകരും അല്പം ആശ്വാസത്തിലാണ്. എന്നാൽ എത്രകാലം? ഒരു പക്ഷെ ആ ഇടവേളയിലേക്കായിരിക്കാം ഈ പുസ്തകം. നന്ദി.. വർക്കിക്കും ബേബിക്കും.

***(പുസ്തകം-നരസി ബുക്സ്, നടവയൽ, വില- 100 രൂപ)***


പ്രിയ കേരളീയം വായനക്കാരാ/രി, താങ്കൾ കേരളീയത്തോടൊപ്പം എന്നും ഉണ്ടായിരുന്നു. നമ്മൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. ദയവായി വരിസംഖ്യ (240 രൂപ), കഴിയുന്ന സംഭാവന ഉടനെ അയച്ചുതരിക.

കേരളീയം, കൊക്കാലെ
തൃശൂർ-21.
ഫോൺ : 9446576943
0487-2421385